പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 115** **18.03.2013 ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ. ഉമ്മൻചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ (PAP) പ്രകാരം കേരളത്തിന് ഒരു ജലവർഷം (ജൂലായ് 1 മുതൽ ജൂൺ 30 വരെ) ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ 7.25 TMcft ജലവും, ചാലക്കുടി നദീതടത്തിൽ കേരള ഷോളയാറിലേക്ക് 12.3 TMcft ജലവും, പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലേക്കും, ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 TMcft-യിൽ അധികമായി വരുന്ന 2.5 TMcft ജലം കേരളത്തിന്റെ ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും തമിഴ്നാട് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കരാർ പ്രകാരം ഈ വർഷം കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് എത്രയായിരുന്നു; | (ബി) | നടപ്പു ജലവർഷത്തിൽ (2012-13)-ൽ ഫെബ്രുവരി 28 വരെ ഏകദേശം 4901 Mcft ജലം മണക്കടവ് വിയറിലും 9579. 20 Mcft ജലം കേരള ഷോളയാറിലും ലഭ്യമായിട്ടുണ്ട്. ഇതിനു പുറമെ നീരാർ വിയറിൽ നിന്നും നടപ്പു ജലവർഷത്തിൽ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ 763.97 Mcft ജലം കേരളത്തിന് ലഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) കേരളത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിന് നടപ്പുജലവർഷത്തിൽ ലഭിക്കേണ്ട ജലം ലഭ്യമാക്കാൻ തമിഴ്നാട് സർക്കാരിനോട് ഔദ്യോഗിക തലത്തിലും, ജലവിഭവ മന്ത്രിതലത്തിലും, മുഖ്യമന്ത്രി തലത്തിലും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തമിഴ്നാട് സർക്കാർ നടത്തിയ കരാർ ലംഘനങ്ങൾക്കെതിരായി ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികളും എടുത്തുവരുന്നു. ഇതിനോടൊപ്പം പ്രശ്നപരിഹാരത്തിനായി ഇരു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ തമ്മിലുള്ള ചർച്ചയ്ക്കുള്ള സാധ്യതയും ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ